വിദ്യാർത്ഥികളുടെ ലോഡ്ജിനെക്കുറിച്ചുള്ള ഒരു പരാതിയും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. ഈ സഭയിൽവച്ചും അതിനുശേഷവും ധനകാര്യ മന്ത്രി ഈ കാര്യത്തിന്റെ വിശദീകരണങ്ങൾ ചോദിച്ചു. അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നാണ് ദേഹം പറഞ്ഞിട്ടുള്ളത്. ഇന്നിപ്പോൾ അവിടെ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ ഗുരുതരമായ സ്ഥിതിവിശേഷങ്ങളൊന്നും തന്നെ നിലവിലില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അനുവാദം നിഷേധിക്കുകയാണ്.

III ശ്രദ്ധക്ഷണിക്കൽ

(1) ബീഡി-സിഗാർ തൊഴിലാളികളുടെ പ്രശ്നം

ശ്രീ. എ.വി. താമരാക്ഷൻ : സർ, സംഘടിത മേഖലയിലും അസംഘടിത മേഖലയിലും പണിയെടുക്കുന്ന ബീഡി-സിഗാർ തൊഴിലാളികളുടെ പ്രശ്നം ഞാൻ ഈ സഭയുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് അയ്യായിരത്തോളം ബീഡിത്തൊഴിലാളികൾ സംഘടിത മേഖലയിലുണ്ട്. സംഘടിത മേഖലയിൽ പണിയെടുക്കുന്ന ബീഡിത്തൊഴിലാളികളുടെ ക്ഷാമബത്ത മരവിപ്പിച്ചിരിക്കുകയാണ്. അതിനെതിരായി ബീഡിത്തൊഴിലാളികൾ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ബീഡിത്തൊഴിലാളികൾക്ക് ബീഡി-സിഗാർ ആക്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംസ്ഥാന ഗവൺമെന്റിന്റെ താൽപ്പര്യമില്ലായ്മമൂലം നടക്കുന്നില്ല. തിരുവനന്തപുരം കൊല്ലം ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ അൻപതിനായിരത്തോളം തൊഴിലാളികൾ അസംഘടിത മേഖലയിലുണ്ട്. അവർ ബീഡിയുണ്ടാക്കി ഉപജീവനം കഴിക്കുന്നവരാണ്. അവർക്കിന്ന് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ഇതിനെ സംബന്ധിച്ച് ഈ സഭയിൽത്തന്നെ ഞാൻ പല പ്രാവശ്യം പറയുകയും മെമ്മോറാണ്ടം നൽകുകയും ചെയ്തിട്ടുണ്ട്. ബീഡി-സിഗാർ ആക്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് അവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ രജിസ്റ്റർ ചെയ്ത് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കു കൂടി സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് കിട്ടുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുവാൻ തക്ക നിലയിലുള്ള മാറ്റമുണ്ടാക്കാണം. ഈ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിനെയും, ബീഡിത്തൊഴിലാളികൾക്കുവേണ്ടിയുള്ള വെൽഫെയർ ബോർഡിനെയും മുമ്പിൽ കൊണ്ടുവരുന്നതിനും ആ നിലയിൽ ഒരു മാറ്റം ഉണ്ടാക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണമെന്നഭ്യർത്ഥിക്കുകയാണ്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ബീഡിത്തൊഴിലാളികൾക്ക് കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. പത്തു മുപ്പതു വർഷക്കാലം ജോലി ചെയ്തു കഴിഞ്ഞാൽ മാരകമായ രോഗം പിടിപെട്ട്, വയസ്സാകുമ്പോൾ യാതൊരു ജോലിയും ചെയ്യുവാനാകാതെ വളരെ ക്ലേശിച്ച് ജീവിതം തള്ളിനീക്കുകയാണ്. ബീഡി-സിഗാർ തൊഴിലാളികൾക്ക് സംഘടിത മേഖലയിൽ ലഭിക്കുന്ന ഭവന പദ്ധതികൾ, കുട്ടികൾക്കുള്ള സ്കോളർഷിപ്പുകൾ മുതലായ യാതൊരാനുകൂല്യങ്ങളും തിരുവിതാംകൂറിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. ഈ തൊഴിലാളികൾക്കുകൂടി ആനുകൂല്യങ്ങൾ കിട്ടത്തക്ക നിലയിൽ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഉള്ള ആളുകളെ രജിസ്റ്റർ ചെയ്യിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബീഡിത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഒരു ക്ഷേമനിധിബോർഡ് കേന്ദ്ര ഗവൺമെൻറിൻെറ കീഴിൽ ബാംഗ്ളൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. ബീഡിത്തൊഴിലാളികൾക്ക് ഈ ബോർഡിൻെറ വകയായി ഭവന നിർമ്മാണത്തിനുള്ള വായ്പ, അവരുടെ കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തിനുവേണ്ടി സ്കോളർഷിപ്പ്, വൈദ്യസഹായം ഇവയൊക്കെ നൽകുന്നുണ്ട്. ബീഡി-സിഗാർ ആക്ടിലെ വ്യവസ്ഥയനുസരിച്ച് അതിലെ തൊഴിലാളികൾക്ക് ഐഡൻറിറ്റി കാർഡ് കൊടുക്കേണ്ടതായിട്ടുണ്ട്. അങ്ങനെ ഐഡൻറിറ്റി കാർഡ് ലഭിച്ച ആളുകൾക്കു മാത്രമേ ഇതിന് അവകാശമുള്ളൂ എന്നാണ് നിയമം. അത് കൊടുക്കാതിരുന്നാൽ അതിന് ശിക്ഷാവിധികളൊന്നും ബീഡി-സിഗാർ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്നുള്ളതുകൊണ്ട് അത് ഇംപ്ലിമെൻറ് ചെയ്യാൻ പ്രയാസമുണ്ട്. ഈ പരിതഃസ്ഥിതിയിൽ, ബീഡി-സിഗാർ ആക്ട് ഒരു വലിയ ഒരു യൂണിറ്റിൻെറ അടിസ്ഥാനത്തിൽ ഭേദഗതിചെയ്തു മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ രജിസ്ട്രേഷനുവേണ്ട എല്ലാ നടപടികളും നടന്നു വരുന്നു. എന്നാൽ ക്ഷേമനിധി ബോർഡ് ഇപ്പോഴും ഐഡൻറിറ്റി കാർഡ് കൊടുക്കുന്നവർക്ക് മാത്രമേ സ്കോളർഷിപ്പും മറ്റും കൊടുക്കുന്നുള്ളൂ. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ഈ വൈഷമ്യം വന്നിരിക്കുന്നത്. കേരളത്തിൽ ഇതിനൊരു അഡ്വൈസറി കമ്മിറ്റിയുണ്ട്. ഈ അഡ്വൈസറി കമ്മിറ്റി മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും നൽകുന്ന ഐഡൻറിറ്റി കാർഡും സ്കോളർഷിപ്പിന് പരിഗണിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ആ ശുപാർശ കേന്ദ്ര ക്ഷേമനിധി ബോർഡിൻെറ പരിഗണനയിലാണ്. മിനിമം വേജസും ഡി.എ.യും ഓരോ പ്രാവശ്യവും റിവൈസ് ചെയ്യുമ്പോഴും കമ്മീഷണറുടെ സാന്നിദ്ധ്യത്തിലുള്ള കോൺഫറൻസിലായിരിക്കണമെന്ന് ഒരു എഗ്രിമെൻറുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഏപ്രിൽ ഒന്നാം തീയതി കോൺഫറൻസ് വച്ചിട്ടുണ്ട്; അന്ന് ആവശ്യമായ തീരുമാനങ്ങളെടുക്കുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ : മന്ത്രിയുടെ മറുപടിയിൽ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കാൻ വേണ്ട നടപടികളെടുത്തിട്ടുണ്ട് എന്നു പറഞ്ഞു. കർശനമായി രജിസ്റ്റർ ചെയ്യിക്കുന്നതിനും ഐഡൻറിറ്റി കാർഡ് കൊടുക്കുന്നതിനുമുള്ള നടപടികളെടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ : തുടർന്നും രജിസ്റ്റർ ചെയ്യുന്നതിനുള്ള ഡയറക്ഷൻ കൊടുക്കുന്നതാണ്.

(2) കൊച്ചിൻ ഓയിൽ റിഫൈനറിയിലെ പൊട്ടിത്തെറിയും തീപിടിത്തവും

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, കൊച്ചിയിലെ അമ്പലമേട്ടിൽ പ്രവർത്തിക്കുന്ന ഓയിൽ റിഫൈനറിയിൽ കഴിഞ്ഞ ഫെബ്രുവരി മാസം 27-ാം തീയതി വ്യാഴാഴ്ച രാത്രിയിലുണ്ടായ അതിഭയങ്കരമായ പൊട്ടിത്തെറിയും തീപിടുത്തവും കൊണ്ട് നാല് ആളുകൾക്ക് ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവരിൽ മൂന്നു പേർ മരിക്കുകയും ചെയ്തു ഇത് രണ്ടാമത്തെ സംഭവമാണ്. 1984-ൽ അതിഭയങ്കരമായ പൊട്ടിത്തെറിയു

LIBRARY ARCHIVES Kerala Legislative Assembly